**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2370** | | **19.07.2016-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **വൈപ്പിൻ നിയോജക മണ്ഡലത്തിലെ കരാർ പ്രവർത്തനങ്ങൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | എം.എൽ.എ ആസ്തി വികസന സ്കീമിലെ തുക വിനിയോഗിച്ച് എൽ.എസ്.ജി.ഡി. മുഖാന്തിരം നടപ്പാക്കുന്ന വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് നിശ്ചിത കരാർ കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ; | (എ) | വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഏതെങ്കിലും കരാറുകാർക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെയെന്നും എന്തൊക്കെ കാരണത്താലാണെന്നും അനുമതി നൽകിയത് ആരെന്നും വിശദമാക്കാമോ; | (ബി) | മേൽ സൂചിപ്പിച്ച പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ കരാറുകാർക്കും കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വീഴ്ച മൂലമല്ല, പ്രവൃത്തി യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടാണ്. കാലാവധി ദീർഘിപ്പിച്ച് നൽകിയത്. എറണാകുളം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയത്. |
| (സി) | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരുണ്ടെങ്കിൽ, അവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കാമോ? | (സി | കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലമല്ല പ്രവൃത്തി യഥാസമയം പൂർത്തിയാക്കാൻ കഴിയാതിരുന്നത്. ആയതിനാൽ കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്